



■ Manager:
Tele: 0495 2730073
e-mail:
managerprabodhanamclt
@gmail.com

■ Editor:
T.K. Ubaid

■ Executive Editor:
P.A. Nazimudeen

■ Layout&Graphics:
Alikoya

■ Technical Support:
Fahis Ali

■ Cover:
Sangeeth Vinayakan

■ e-mail:
malarvadimag
@gmail.com
www.malarvadi.net
Phone: 0495 2732555



# മലർവാടി


കുട്ടികളുടെ മാസിക

2015 നവംബർ

പുസ്തകം 36, ലക്കം 1


# പ്രിയ ചാച്ചാജി, അങ്ങയെ ഓർക്കുമ്പോൾ...

നവംബർ 14
ശിശുദിനം



വി. അതുല ഹാരിഫ്
ക്ലാസ്– 10, അൽ ഹറമൈൻ
എസ്.എസ്.എസ്,പുതിയങ്ങാടി

ശിശുദിനം വന്നെത്തിയതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുന്നു. ഹൃദയത്തിൽ വാത്സല്യവും ചുണ്ടിൽ നിറഞ്ഞ പുഞ്ചിരിയും മാറത്ത് റോസാപ്പൂവുമായി അങ്ങ് ജീവിച്ച കാലം ഇന്നും മായാതെ നിന്നെങ്കിൽ എന്ന് ആശിക്കുകയാണ്.

ഭാരത മാതാവിനെ നെഞ്ചിലേറ്റി തേരു തെളിക്കാൻ അങ്ങും ഗാന്ധിജിയും കാണിച്ച മനോധൈര്യം കുട്ടികളായ ഞങ്ങളിൽ ഇപ്പോഴും ▸▸



അഭിമാനം ഉളവാക്കുന്നു.

ഞങ്ങളോട് അങ്ങും എ.പി.ജെ അബ്ദുൽ കലാമും കാണിച്ചിരുന്ന സ്നേഹം പുതിയ ഒരു ഇന്ത്യയെ സൃഷ്ടിക്കാൻ ഞങ്ങൾക്ക് പ്രചോദകമാണ്.

നീതി നിഷേധിക്കപ്പെട്ടവരും, അസമത്വങ്ങൾ അനുഭവിക്കുന്നവരും, നിത്യേന രാജ്യത്തിന്റെ വിവിധ കോണുകളിൽ അരങ്ങേറുന്ന ലൈംഗികാതിക്രമങ്ങളിൽ മനം മടുത്തവരുമാണ് ഞങ്ങൾ. വെള്ളക്കാരുടെ അതിക്രമങ്ങൾക്കെതിരെ അങ്ങും കൂട്ടരും പോരാടി നേടിയെടുത്ത സ്വാതന്ത്ര്യം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.



കച്ചവട താൽപര്യങ്ങൾക്കനുസരിച്ച് പഠന പദ്ധതികൾ തീരുമാനിക്കുന്നു. ഒട്ടേറെ വിദ്യാർത്ഥികൾ അധ്യാപകരാൽ പീഡിപ്പിക്കപ്പെടുന്ന വാർത്തകൾ പത്രകോളങ്ങളിൽ നിറയുന്നു. ഇക്കാലത്തെ ഞങ്ങളുടെ ജീവിതം താങ്കളുടെ സങ്കൽപ്പത്തിൽ നിന്നും എത്രയോ അകലെയാണ്.

നിനക്ക് നിന്റെ സുഹൃത്തിന് നൽകാൻ പറ്റുന്ന ഏറ്റവും നല്ല സമ്മാനം പുഞ്ചിരിയാണെന്ന് അരുളിയ മുഹമ്മദ് നബിയുടെയും, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നു പറഞ്ഞ യേശുവിന്റെയും, ഗുരുവിനെ ദൈവത്തിന്റെ സ്ഥാനത്ത് കാണണമെന്ന ഉപനിഷത്തുകളുടെയും ആശയങ്ങളിൽ നിന്ന് ഇന്നത്തെ ലോകം തെന്നി മാറിയിരിക്കുന്നു.

പ്രിയ ചാച്ചാജി.... ഞങ്ങൾ ഇന്നിന്റെ മക്കളാണ്. നീതി നിഷേധങ്ങൾ ഇനിയും ഉണ്ടാകാതിരിക്കാൻ അങ്ങ് ഞങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. താങ്കൾ ഞങ്ങളുടെ സ്വപ്നങ്ങളിലെ മാലാഖയായി കൂടെയുണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കട്ടെ.

സാമ്രാജ്യത്വത്തിന്റെ പിടിയിൽ നിന്നും ഭാരത മാതാവിനെ രക്ഷിക്കാൻ ഒരു വഴികാട്ടിയായി മുമ്പേ നടന്ന അങ്ങയെ പ്രതി ഞങ്ങൾ പ്രതിജ്ഞയെടുക്കുന്നു. ഒരു പുതിയ ഇന്ത്യക്കുവേണ്ടി ഞങ്ങൾ പരിശ്രമിക്കും. ഇതായിരിക്കും ഈ ശിശുദിനത്തിൽ അങ്ങേക്ക് നൽകാവുന്ന ഏറ്റവും നല്ല വാഗ്ദാനം! ഏറ്റവും നല്ല സമ്മാനവും!

●

ഇന്ത്യയിലെ ഏറ്റവും വലിയ തുറമുഖം- മുംബൈ